**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **2017**

**06.02.2019 ൽ**
**മറുപടിയ്ക്ക്**

**മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന പോലീസ് ഔട്ട്പോസ്റ്റിൽ എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും അവിടെ നിന്നും ഏതു വിധത്തിലുള്ള സേവനങ്ങൾ ലഭിക്കുന്നുവെന്നും വിശദീകരിക്കുമോ;<br>(ബി) ഇവിടെ പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;<br>(സി) ഇവിടെ ലഭിക്കുന്ന പരാതികളുടെ തുടർനടപടികൾ സ്വീകരിക്കുന്നത് ഏത് പോലീസ് സ്റ്റേഷനിലാണെന്ന് അറിയിക്കുമോ;<br>(ഡി) പ്രസ്തുത പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും കരുനാഗപ്പള്ളി മണ്ഡലത്തിലെ മണപ്പള്ളി ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. ഈ പ്രദേശത്തിന് സമീപം തഴവ എന്ന സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത എയ്ഡ് പോസ്റ്റിന് ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഓച്ചിറ, കരുനാഗപ്പള്ളി എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്നും ജീപ്പ് സഹിതം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിൻ പ്രകാരം നിയോഗിച്ച് വരുന്നു. ക്രമസമാധാന പാലനം, ട്രാഫിക് നിയന്ത്രണം എന്നീ അത്യാവശ്യ ഡ്യൂട്ടികളാണ് എയ്ഡ് പോസ്റ്റിൽ നിന്നും നിർവഹിച്ചു വരുന്നത്. പ്രസ്തുത എയ്ഡ് പോസ്റ്റിൽ പരാതികൾ സ്വീകരിക്കുന്നില്ല.<br>തഴവ ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ